**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 117** **23-01-2025 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കണ്ണൂർ ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ 2024-25 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ അംഗീകാരം നൽകിയിട്ടുണ്ട്. കെട്ടിടം പണിയുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം ഉൾപ്പെടുന്ന ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറാൻ ചെറുപുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയുണ്ടായി. ഒരു സാക്ഷ്യപത്രം കൂടി ചെറുപുഴ പഞ്ചായത്ത് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിനു സമർപ്പിക്കേണ്ടതായിട്ടുമുണ്ട്. |
| (ബി) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നത് പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ